തുഞ്ചത്തെഴുത്തച്ഛൻ
മലയാളസർവകലാശാല
വാക്കാട് മലപ്പുറം - 676 502, ഫോൺ : 0494 2631230

## സംഗ്രഹം

തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല - ഗവേഷണ കൗൺസിൽ പുനഃസംഘടിപ്പിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## വൈസ് ചാൻസലറുടെ കാര്യാലയം

**നം. 225/2015/വി.സി./വാല്യം - II.** **തീയതി, തിരൂർ, 27.08.2025**

പരാമർശം: 1) 17.02.2023 ലെ ഇതേ നമ്പർ സർവകലാശാലാ ഉത്തരവ്.

2) 16.08.2025 ലെ ബഹു. ചാൻസലറുടെ KRB/806/2025-GS05 നമ്പർ കത്ത്.

3) 22.08.2025 ലെ ഫാക്കൽറ്റി ഡീൻമാരെ നിയമിച്ചുകൊണ്ടുള്ള 1473/ഫാക്കൽറ്റി/2023/വി.സി. നമ്പർ വിജ്ഞാപനം.

4) വൈസ് ചാൻസലറുടെ 27.08.2025 ലെ ഉത്തരവ്.

## ഉത്തരവ്

പരാമർശം (1) പ്രകാരം, രൂപീകരിക്കപ്പെട്ട തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ഗവേഷണ കൗൺസിൽ കാലാവധി പൂർത്തിയായതിനാൽ പുനഃസംഘടിപ്പിക്കേണ്ടതുണ്ട്.

2) തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമം 2013, അദ്ധ്യായം III, വകുപ്പ് 19 പ്രകാരം വൈസ് ചാൻസലർ ചെയർമാനായി വിവിധ ഫാക്കൽറ്റികളുടെ ഡീൻമാർ, വിവിധ സ്കൂളുകളുടെ ഡയറക്ടർമാർ, ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്യുന്ന പ്രഗത്ഭരും സമുന്നതരുമായ ആറു പ്രൊഫസർമാർ എന്നിവർ അടങ്ങുന്നതാണ് സർവകലാശാലയുടെ ഗവേഷണ കൗൺസിൽ. പ്രസ്തുത നിയമത്തിലെ വകുപ്പ് 19(2) പ്രകാരം നാമനിർദ്ദേശം ചെയ്യപ്പെടുന്ന ആറു (6) പേരിൽ, സാഹിത്യം, സംസ്കാരം എന്നീ വിശാലമേഖലകളെ പ്രതിനിധാനം ചെയ്യുന്ന മൂന്നു (3) പേരെ ഗവേഷണ കൗൺസിലിന്റെ വൈസ് ചെയർമാന്മാരായി ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്യേണ്ടതാണ്.

3) പരാമർശം (2) പ്രകാരം, പ്രഗത്ഭരും സമുന്നതരുമായ ആറു പ്രൊഫസർമാരെയും അവരിൽ നിന്ന് സാഹിത്യം, സംസ്കാരം എന്നീ വിശാലമേഖലകളെ പ്രതിനിധാനം ചെയ്യുന്ന മൂന്ന് പേരെ കൗൺസിലിന്റെ വൈസ് ചെയർമാന്മാരായും ബഹു. ചാൻസലർ നാമനിർദ്ദേശം ചെയ്തിട്ടുണ്ട്.

4) പരാമർശം (3) പ്രകാരം, വിവിധ ഫാക്കൽറ്റികളുടെ ഡീൻമാരെ നിയമിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

5) മേൽ സാഹചര്യത്തിൽ, തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാല നിയമം 2013 അദ്ധ്യായം III, 18, 19(1, 2) എന്നീ വകുപ്പുകളിൽ അനുശാസിക്കുന്ന വിധം തുഞ്ചത്തെഴുത്തച്ഛൻ മലയാളസർവകലാശാല ഗവേഷണ കൗൺസിൽ താഴെ പറയും വിധം പുനഃസംഘടിപ്പിക്കുവാൻ പരാമർശം (4) പ്രകാരം വൈസ് ചാൻസലർ ഉത്തരവായിട്ടുണ്ട്.

i. വൈസ് ചാൻസലർ (ചെയർപേഴ്സൺ)
ii. ഡോ. വി.ആർ. പ്രബോധചന്ദ്രൻ നായർ (ഡീൻ, മലയാളഭാഷാപഠന ഫാക്കൽറ്റി)
iii. ഡോ. എം.എം. ബഷീർ (ഡീൻ, സാഹിത്യഫാക്കൽറ്റി)
iv. ഡോ. സി.ജി. രാജേന്ദ്രബാബു (ഡീൻ, കലാഫാക്കൽറ്റി)
v. ഡോ. സുനീത ടി.വി. (ഡീൻ, പൈതൃകപഠനഫാക്കൽറ്റി)
vi. ഡോ. വി. രാജീവ് (ഡീൻ, പാരമ്പര്യവിജ്ഞാനസമ്പ്രദായഫാക്കൽറ്റി)
vii. ഡോ. എസ്. അനിൽകുമാർ (ഡീൻ, മാധ്യമഫാക്കൽറ്റി)
viii. ഡോ. കെ. ജയപ്രസാദ് (ഡീൻ, സാമൂഹ്യശാസ്ത്രഫാക്കൽറ്റി)
ix. ഡയറക്ടർ, ഭാഷാശാസ്ത്രസ്കൂൾ
x. ഡയറക്ടർ, സാഹിത്യപഠനസ്കൂൾ
xi. ഡയറക്ടർ, സാഹിത്യരചനാസ്കൂൾ
xii. ഡയറക്ടർ, മാധ്യമപഠനസ്കൂൾ
xiii. ഡയറക്ടർ, ചരിത്രപഠനസ്കൂൾ
xiv. ഡയറക്ടർ, സംസ്കാരപൈതൃകപഠനസ്കൂൾ
xv. ഡയറക്ടർ, സോഷ്യോളജി സ്കൂൾ
xvi. ഡയറക്ടർ, പരിസ്ഥിതിപഠനസ്കൂൾ
xvii. ഡയറക്ടർ, വികസനപഠനസ്കൂൾ
xviii. ഡയറക്ടർ, ചലച്ചിത്രപഠനസ്കൂൾ
xix. ഡയറക്ടർ, എഴുത്തച്ഛൻപഠനസ്കൂൾ
xx. ഡോ. (പ്രൊഫ.) എൻ. അജയകുമാർ (റിട്ട.) – സാഹിത്യം **(വൈസ് ചെയർപേഴ്സൺ)**
xxi. ഡോ. ജോളി പുതുശ്ശേരി – ഫൈൻ ആർട്സ്
xxii. ഡോ. രാഘവൻ പയ്യനാട് – ഫോക്‌ലോർ **(വൈസ് ചെയർപേഴ്സൺ)**
xxiii. പ്രൊഫ. പ്രീതി കെ. – സംഗീതം **(വൈസ് ചെയർപേഴ്സൺ)**
xxiv. ഡോ. വി. പ്രസാദ് – പാരമ്പര്യവിജ്ഞാനം
xxv. ഡോ. പത്മകുമാർ കെ. (മാധ്യമം)

6) പുനഃസംഘടിപ്പിക്കപ്പെട്ട ഗവേഷണ കൗൺസിലിന്റെ പ്രവർത്തന കാലാവധി തുഞ്ചത്ത് എഴുത്തച്ഛൻ മലയാളസർവകലാശാല നിയമം 2013, അദ്ധ്യായം IX വകുപ്പ് 56 ന് വിധേയമായിരിക്കും. 2019 ലെ തുഞ്ചത്ത് എഴുത്തച്ഛൻ മലയാള സർവകലാശാലയുടെ പ്രഥമ സ്റ്റാറ്റ്യൂട്ട്സ് ഭാഗം IV അദ്ധ്യായം 9 സ്റ്റാറ്റ്യൂട്ട് (2) പ്രകാരം അദ്ധ്യക്ഷൻ ഉൾപ്പെടെ അഞ്ച് (5) പേർ അടങ്ങുന്നതായിരിക്കും ക്വാറം.

7) അംഗങ്ങൾക്കു നിയമാനുസൃതമായ യാത്രാപ്പടിക്കും ബത്തകൾക്കും അർഹത യുണ്ടായിരിക്കുന്നതാണ്. ഇതു സംബന്ധിച്ച ചെലവുകൾ അതതു സാമ്പത്തിക വർഷത്തെ ബന്ധപ്പെട്ട ബജറ്റ് ശീർഷകങ്ങളിൽനിന്നും വഹിക്കേണ്ടതാണ്.

8) മേൽ പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

രജിസ്ട്രാർ ഇൻ ചാർജ്

എല്ലാ അംഗങ്ങൾക്കും

പകർപ്പ്:

എല്ലാ അക്കാദമിക-ഭരണവിഭാഗങ്ങൾ/
ഡയറക്ടർ, റിസർച്ച് ഡവലപ്മെന്റ് സെൽ/
ഐ.ക്യു.എ.സി./വെബ്സൈറ്റ്/
ജെ.ഡി., കെ.എസ്.എ.ഡി. മലയാളസർവകലാശാല/
കരുതൽ രേഖ/ആഫീസ് രേഖ